# പതിമൂന്നാം കേരള നിയമസഭ

# (ഒൻപതാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6132** **09/07/13-ൽ മറുപടിയ്ക്ക്**

## ദേശീയ മത്സ്യത്തൊഴിലാളി ഭവന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ദേശീയ മത്സ്യത്തൊഴിലാളി ഭവന പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭവനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ, വിശദമാക്കുമോ; | ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി, ഭവന നിർമ്മാണ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഭൂമിയുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധന സഹായം നൽകി വരുന്നു. വീടൊന്നിന് 2 ലക്ഷം രൂപയാണ് നൽകുന്നത്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേനിധിയിൽ നിന്നുള്ള ധനസഹായത്തോടെ (50% കേന്ദ്രാവിഷ്കൃത പദ്ധതി) യാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ ഒരു വീടിന് 50,000/- രൂപയാണ് കേന്ദ്ര സർക്കാർ യൂണിറ്റ് കോസ്റ്റ് ആയി നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ 50% തുകയായ 25,000/- രൂപ കേന്ദ്ര വിഹിതമായി നൽകുന്നു. എന്നാൽ 2012-2013 സാമ്പത്തിക വർഷം മുതൽ ഭവന നിർമ്മാണ ഗ്രാന്റ് 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ഇത് 100% സബ്സിഡിയായും നൽകുന്നു. ഇത് പ്രകാരം ഒരു വീടിന് സംസ്ഥാന ഗവൺമെന്റ് 1.75 ലക്ഷം രൂപയും കേന്ദ്ര സർക്കാർ 25,000/- രൂപയും നൽകുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സംസ്ഥാനത്ത് ഭവന രഹിതരും സ്വന്തം പേരിൽ ഭൂമിയുള്ളവരുമായ മത്സ്യത്തൊഴിലാളികൾക്ക് വീട് നൽകി പാർപ്പിട പ്രശ്നം പരിഹരിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. |

| | | |
|---|---|---|
| (സി) | പദ്ധതിയ്ക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; വിശദമാക്കുമോ; | നടപ്പു സാമ്പത്തിക വ:ർഷം ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവന നിർമ്മാണ പദ്ധതി പ്രകാരം 800 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | 2012–2013 സാമ്പത്തിക വർഷം 14 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചു നൽകിയിരുന്നു. ഈ തുക ഉപയോഗിച്ച് ടി പദ്ധതി നടപ്പിലാക്കി വരുന്നു. 2013–2014 സാമ്പത്തിക വർഷത്തിൽ 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ